G.M.L.P. SCHOOL NENMINI • P.O. THACHINGANADAM
No
Date
PIN-679 325

# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

# ആമുഖം

മലപ്പുറം ജില്ലയിൽ, മേലാറ്റൂർ ഉപജില്ലയിൽ കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് 16-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ജി.എം.എൽ.പി. സ്കൂൾ നെന്മിനി ഒരു നൂറ്റാണ്ടു കാലം പൂർത്തിയാക്കി കഴിഞ്ഞു. വളരെ പരിമിതമായ സൗകര്യങ്ങളോടു കൂടി 1924 ൽ കാഞ്ഞിരക്കുളത്ത് പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം പിന്നീട് കളത്തിൻ പടിയിലേക്കും പിന്നീട് ഇപ്പോഴുള്ള സ്ഥലത്തേക്കും മാറ്റി സ്ഥാപിക്കപ്പെടുകയുണ്ടായി. 17 വിദ്യാർത്ഥികളുമായി ആരംഭം കുറിച്ച സ്കൂളിൽ ഇപ്പോൾ 4-ാം തരം വരെയുള്ള ക്ലാസുകളിലായി 272 കുട്ടികൾ പഠിക്കുന്നു. 13 സ്ഥിരം അധ്യാപകരും ഇവിടെ ജോലി ചെയ്തു വരുന്നു. കൂടാതെ പി.ടി.എ. മുൻകൈ എടുത്ത് നടത്തി വരുന്ന പ്രീ പ്രൈമറി സ്കൂളും ഇവിടെ പ്രവർത്തിച്ചു വരുന്നു. മികച്ച അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വിദ്യാലയത്തിൽ L.S.S ഉൾപ്പെടെയുള്ള മത്സര പരീക്ഷകളിലും ഉന്നത വിജയം നേടി വരുന്നു.

## കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ.

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും കുട്ടി വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ടതുണ്ട്. ഇതിനായി വിദ്യാഭ്യാസപ്രക്രിയയെ മികച്ച രീതിയിൽ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവരിലേക്കും എത്തിക്കാൻ കഴിയണം. സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് ഭൗതികവും അക്കാദമികവുമായ വലിയ നേട്ടങ്ങൾക്ക് കളമൊരുക്കിയിട്ടുണ്ട്.

### ലക്ഷ്യങ്ങൾ.

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
* കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* അധ്യാപക-വിദ്യാർത്ഥി, അധ്യാപക-അധ്യാപക ബന്ധങ്ങളിലെ ഊഷ്മളത നിലനിർത്തുന്നു.
* സാങ്കേതിക വിദ്യയുടെ കൂടി കൂടെ സഹായത്തോടെ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുന്നു.

* ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നു.
* പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

1. ഭാഷാശേഷി വികസനം.
2. ഗണിതശേഷി വികസനം.
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ.
4. വായനാശേഷി വർദ്ധിപ്പിക്കൽ.
5. ശാസ്ത്രാഭിരുചിയും ആഭിമുഖ്യവും വളർത്തൽ.
6. പ്രതിഭാപോഷണ പരിപാടി.
7. സ്കോളർഷിപ്പ് പരിശീലനം.
8. സ്കൂൾ പത്രം.
9. അധ്യാപക പരിശീലനം.
10. പ്രവൃത്തി പരിചയ പരിശീലനം.
11. ദിനാചരണങ്ങൾ.
12. വിലയിരുത്തൽ കാര്യക്ഷമമാക്കൽ.
13. ജന്മദിന പുസ്തകം.
14. C.P.T.A കാര്യക്ഷമമാക്കൽ.
15. വിവിധ ശില്പശാലകൾ

# മലയാളം.

## ഭാഷാശേഷി വികസനം

ലക്ഷ്യം : (1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

പ്രവർത്തനം:
- അക്ഷരം ഉറപ്പിക്കൽ
- ചിഹ്നം ഉറപ്പിക്കൽ
- പദ നിർമ്മാണം
- വാക്യനിർമ്മാണം.
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം.

സമയം : 2 മാസം.

ചുമതല : ക്ലാസ് ടീച്ചർ.

സാമ്പത്തികം : PTA.

(2) എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക.

പ്രവർത്തനം:
- ക്ലാസ് വായന പ്രോത്സാഹിപ്പിക്കൽ.
- ലൈബ്രറി (ക്ലാസ് തലം)
- ജന്മദിന പുസ്തകം.
- ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.
- വായിച്ച കാര്യങ്ങൾ പറയാനവസരം നൽകൽ.
- വായനാകുറിപ്പുകൾ
- പത്രവായന.
- പത്രക്വിസ്.
- റീഡേഴ്സ് തിയേറ്റർ.

സമയം: വർഷം മുഴുവൻ.

ചുമതല: വിദ്യാരംഗം in charge, വിജയസ്പർശം in charge, ക്ലാസ് ടീച്ചർ.

സാമ്പത്തികം: PTA.

3. പത്രവായന പരിപോഷിപ്പിക്കൽ.

പ്രവർത്തനം.

- പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.
- ഓരോ ക്ലാസിനും ഓരോ പത്രം.
- രാവിലെ പ്രധാന പത്രവാർത്തകൾ അവതരണം.
- ദിവസവും പത്രത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ - ഉത്തരങ്ങൾ നൽകൽ.
- പത്ര ക്വിസ്.

കാലം: വർഷം മുഴുവൻ.

ചുമതല: ക്ലാസ് ടീച്ചർ.

ചിലവ്: PT.A

4. സർഗശേഷി വികസനം.

പ്രവർത്തനങ്ങൾ.

- വായനാനുഭവം പങ്കുവെക്കൽ.
- പതിപ്പുകൾ പ്രസിദ്ധീകരിക്കൽ.
- വായനദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
- എന്റെ കഥ / കവിത.
- പാട്ടരങ്ങ്.

സമയം: മാസത്തിൽ 1-2 തവണ.

ചുമതല: ക്ലാസ് ടീച്ചർ.

സാമ്പത്തികം: PTA.

5. വിവിധ ശേഷികളുടെ വികസനം.

പ്രവർത്തനം
- ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുമായി സംഘടിപ്പിക്കൽ.

കാലം : ജൂൺ - മാർച്ച്

ചുമതല : ദിനാചരണങ്ങൾ - in charge,
ക്ലാസ് ടീച്ചർ.

സാമ്പത്തികം: PTA.

6. ആരോഗ്യം, കായികം - ആരോഗ്യമുള്ള ശരീരവും മനസ്സും രൂപപ്പെടുത്തൽ.

പ്രവർത്തനങ്ങൾ :
- സൂംബ ഡാൻസ് പരിശീലനം
- കായിക വിനോദങ്ങളിലും വ്യായാമങ്ങളിലും ഏർപ്പെടാൻ അവസരമൊരുക്കൽ.

ചുമതല : Sports incharge.

7. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.

ലക്ഷ്യം : പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ ലഭ്യമാക്കൽ.

പ്രവർത്തനം : L.S.S പരീക്ഷയിൽ മികച്ച പരീക്ഷ വിജയം കരസ്ഥമാക്കുന്നതിനായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

ചുമതല : 4-ാം ക്ലാസ് അധ്യാപകർ.

8. CPTA ശക്തിപ്പെടുത്തൽ.

പ്രവർത്തനം: CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ നേട്ടങ്ങൾ, പഠനത്തെളിവുകൾ, നേടാനുള്ള ശേഷികൾ തുടങ്ങിയവ CPTA യിൽ അവതരിപ്പിക്കൽ.

കാലം: 1 വർഷത്തിൽ 3 തവണ (3 മാസത്തിലൊരിക്കൽ)

ചുമതല: ക്ലാസ് ടീച്ചർ.

9. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ

പ്രവർത്തനം: ശാസ്ത്രതത്ത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കൽ.

- പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കൽ.
- ശാസ്ത്രമേളകളിൽ പങ്കെടുക്കാൻ അവസരമൊരുക്കൽ, പരിശീലനം നൽകൽ.
- ശാസ്ത്ര ക്വിസുകൾ.

## ഗണിതം.

ലക്ഷ്യം 1: ഗണിത പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ.

പ്രവർത്തനം.

- ക്ലാസ് റൂം പ്രവർത്തനങ്ങൾ പ്രവർത്തനാധിഷ്ഠിതമാക്കുക.
- വർക്ക് ഷീറ്റുകൾ ഉപയോഗം.
- ഗണിതത്തിൽ മിടുക്കരായ ക്ലാസിലെ കുട്ടികളെ ഉപയോഗിച്ച് മറ്റുള്ളവരിൽ ഗണിതാശയങ്ങൾ എത്തിക്കൽ

## ഇംഗ്ലീഷ്.

ലക്ഷ്യം

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം

പ്രവർത്തനം

- ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.
- ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് ഡേ ആചരിക്കൽ, ഇംഗ്ലീഷ് അസംബ്ലി.
- ഇംഗ്ലീഷ് ഡയറി.
- Enrich Vocabulary
- ഇംഗ്ലീഷിലുള്ള ചെറിയ പുസ്തകങ്ങൾ വായിച്ച് (കഥകൾ) മനസിലാക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കൽ.
- Reader's Theatre,
- Eng Skits അവതരിപ്പിക്കൽ (പാഠപുസ്തകവുമായി ബന്ധപ്പെടുത്തി)

## പ്രവൃത്തി പരിചയം.

ലക്ഷ്യം: പ്രവൃത്തി പരിചയ പരിശീലനം;

പ്രവർത്തനം.

- തത്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകൽ.
- വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ.
- പ്രവൃത്തിപരിചയ മേളകളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാനായി കുട്ടികൾക്ക് പരിശീലനം നൽകൽ.